# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1220

30.01.2018 ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിലെ നിർമിതികളുടെ കാലദൈർഘ്യവും സുരക്ഷയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | | **ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ നിർമിതികൾക്ക് കാലദൈർഘ്യം ഉറപ്പാക്കുന്ന നിയമനിർമ്മാണം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ, പ്രസ്തുത നിയമത്തിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ നിർമിതികൾക്ക് കാലദൈർഘ്യം കരാറിലെ വ്യവസ്ഥയായി ഉൾപ്പെടുത്തുന്നുണ്ട്.ദേശീയപാതാ വിഭാഗത്തിൽ ബി.എം. & ബി.സി. വർക്കുകൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് മൂന്ന് വർഷവും കൂടാതെ എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് കോൺട്രാക്ട് (EPC) വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് നാല് വർഷവുമാണ് ഡിഫക്ട് ലയബിലിറ്റി പീരിയഡ്. കാലദൈർഘ്യം ഉറപ്പാക്കുന്ന നിയമനിർമ്മാണം സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | നിർമ്മാണങ്ങളുടെ സുരക്ഷ സംബന്ധിച്ച നിയമപരമായ ബാധ്യത ആരിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | നിർമ്മാണവേളയിലെ സുരക്ഷ സംബന്ധിച്ച നിയമപരമായ സാധ്യത വകുപ്പിലെ ഉദ്യോഗസ്ഥർക്കും പ്രവൃത്തികളുടെ കരാറുകാർക്കുമാണ്. |
| (സി) | ബാധ്യത നിറവേറ്റുന്നതിൽ പരാജയപ്പെട്ടാൽ നൽകാനുദ്ദേശിക്കുന്ന ശിക്ഷാനടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | നിർദ്ദിഷ്ട സമയത്ത് പ്രവൃത്തികൾ തുടങ്ങാത്തവരും തീർക്കാത്തവരുമായ കരാറുകാർക്കെതിരെ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രവൃത്തികൾ അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ തന്നെ തീർക്കുന്നതിന് കരാറുകാരോട് കർശനമായി ആവശ്യപ്പെടാറുണ്ട്. നിർബന്ധിത സാഹചര്യങ്ങളിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടതായി വന്നാൽ മാന്വൽ പ്രകാരം |

സാരമായ തുക ഫൈൻ ഇനത്തിൽ ഈടാക്കിയാണ് കാലാവധി നീട്ടി നൽകുന്നത്. കൂടാതെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റേയും, ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റേയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റേയും ഭാഗമായി സാമൂഹ്യ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആധുനിക കാലത്തെ പൊതു നിർമ്മിതികളെക്കുറിച്ച് എൻജിനീയർമാരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനപരിപാടികളും ശിൽപശാലകളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ആധുനിക കാലത്തെ പൊതു നിർമ്മിതികളെക്കുറിച്ച് എൻജിനീയർമാരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനപരിപാടികൾ നടന്നുവരുന്നു. ഇത് സംബന്ധിച്ച് ശില്പശാലകൾ നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. "പുതിയ കാലം പുതിയ നിർമ്മാണം" എന്നാണ് ആപ്തവാക്യം.

(എഫ്) എങ്കിൽ ഇത്തരം പരിശീലന പരിപാടികളിലും ശിൽപശാലകളിലും സംസ്ഥാനത്തിന് പുറത്തുള്ള ഏതെല്ലാം വിദഗ്ധരെ പങ്കെടുപ്പിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എഫ്) ഇത്തരം പരിശീലന പരിപാടികളിലും ശിൽപശാലകളിലും സംസ്ഥാനത്തിന് പുറത്തുള്ള സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർആർ.ഐ), ഇൻഡ്യൻ അക്കാഡമി ഫോർ ഹൈവേ എഞ്ചിനീയേഴ്സ് (ഐ.എ.എച്ച്.ഇ) തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വിദഗ്ധരെ പങ്കെടുപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ എൻജിനീയർമാരെ നൂതന സാങ്കേതിക വിദ്യ പരിശീലിപ്പിക്കുന്നതിനായി പതിവായി അയയ്ക്കാറുണ്ട്. കൂടാതെ ഓരോ വർഷവും ഇൻഡ്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.സി.) ന്റെ വാർഷിക ശിൽപശാലയിൽ പൊതുമരാമത്ത് വകുപ്പിലെ എൻജിനീയർമാർ പങ്കെടുക്കുകയും നിർമ്മാണത്തിലെ പുതിയ ടെക്നോളജിയെക്കുറിച്ച് അറിവ് നേടുകയും ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ